# സ്വയം സഹായസംഘത്തിന്റെ നിയമാവലി

1. **സംഘത്തിന്റെ പേര്** :

**അഡ്രസ്സ്** :

## 2. അംഗത്വം

നബാർഡ് നീർത്തടവികസന ഫണ്ട് ഉപയോഗിച്ച് നല്ലോംപുഴ വാട്ടർഷെഡ് ഡെവലപ്മെന്റ് അസോസിയേഷന്റെ നേതൃത്വത്തിൽ ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിലെ നല്ലോംപുഴ നീർത്തട പദ്ധതിയുടെ ചെറു നീർത്തട പ്രദേശത്തെ സമാന ചിന്താഗതിക്കാരായ വ്യക്തികൾ മാത്രം ഇതിൽ അംഗങ്ങളായിരിക്കും. പത്ത് മുതൽ ഇരുപതു വരെ അംഗങ്ങൾ മാത്രമേ ഒരു സംഘത്തിൽ ഉണ്ടായിരിക്കുകയുള്ളൂ. സംഘത്തിൽ നിന്ന് മതിയായ കാരണമില്ലാതെ മൂന്നു വർഷത്തിനകം പിരിഞ്ഞു പോകുവാൻ പാടില്ല.

## 3. ലക്ഷ്യം

സംഘാംഗങ്ങളുടെ മാനസീക - സാമൂഹിക - സാമ്പത്തിക - സാംസ്ക്കാരിക ഉന്നമനം. സ്വയം തൊഴിലിലൂടെ സംഘാംഗവുമായി അവരുടെ കുടുംബവും സ്വയം പര്യാപ്തത നേടുക.

## 4. പ്രവർത്തനങ്ങൾ

1 സംഘാംഗങ്ങളിൽ വായ്പയുടെ ആവശ്യകത മനസ്സിലാക്കി വായ്പയ്ക്കായി VWCയെ സമീപിക്കുക. വായ്പ ലഭ്യമായാൽ പരമാവധി 50000/- രൂപ വരെ മാത്രം ഒരംഗത്തിന് വായ്പയായി നൽകുക.

2 VWC യിൽ നിന്ന് വായ്പ ലഭ്യമായാൽ അത് അംഗങ്ങൾക്ക് എത്രയും വേഗത്തിൽ നൽകി, അനുവദിച്ചിരിക്കുന്ന ജീവനോപാധി പ്രവർത്തനങ്ങൾആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

3 വായ്പ ഗുണഭോക്താക്കളുടെ കൃത്യതയോടെയുള്ള വായ്പാ തിരിച്ചടവ് ഉറപ്പുവരുത്തുക.

4 VWC തീരുമാനിച്ചിരിക്കുന്ന ദിവസം/തീയ്യതിയിൽ തന്നെ വായ്പതിരിച്ചടക്കുകയും അത് സംഘത്തിന്റെ പാസ് ബുക്കിൽ പതിച്ച് സൂക്ഷിക്കുകയും ചെയ്യുക.

5 സംഘം നിലവിൽ മറ്റ് ലോൺ തിരിച്ചടക്കുന്നുണ്ടെങ്കിലും, VWC യിൽ നിന്ന് നല്കുന്ന വായ്പയായ 200000/- രൂപ പ്രവൃത്തി തുടങ്ങുന്നതി മതിയാവാതെ വരുമ്പോൾ മറ്റ് സ്രോതസുകളിൽ നിന്ന് വായ്പ യെടുക്കുന്നുണ്ടെങ്കിലും മറ്റു വായ്പകൾക്ക് ഈടാക്കുന്ന പലിശ സംഘ ങ്ങൾക്ക് VWC നൽകുന്ന വായ്പാതുകയ്ക്കും ബാധകമാക്കാവുന്നതാണ്. എന്നാൽ ഇത് യാതൊരു കാരണവശാലും 6%ത്തിൽ കുറയുവാനോ 12%ത്തിൽ കൂടുവാനോ പാടില്ല.

6 സംഘം നിലവിൽ ഉപയോഗിച്ചുവരുന്ന രജിസ്റ്ററുകൾ/റെക്കോഡുകൾ തന്നെ ജീവനോപാധി വായ്പയ്ക്കും ഉപയോഗിച്ചാൽ മതിയാകും.

7 വായ്പയെടുത്തിരിക്കുന്ന സംഘാംഗങ്ങൾ വായ്പ അനുവദിച്ചിരിക്കുന്ന ജീവനോപാധി പ്രവൃത്തികൾക്ക് വേണ്ടി തന്നെയാണ് ഉപയോഗിച്ചിരിക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതാണ്. വായ്പാ ഉപയോഗം അത്തരത്തിലല്ലെന്ന് കണ്ടാൽ , അങ്ങനെയുള്ള സംഘാംഗത്തിൽ നിന്നും പലിശ സഹിതം ഒരാഴ്ചക്കുള്ളിൽ വായ്പ തിരിച്ചുപിടിക്കേണ്ട ഉത്തരവാദിത്വം സംഘത്തിനാണ്.

### 5. കമ്മിറ്റി

സംഘത്തിന്റെ പ്രവർത്തനത്തിനായി ഒരു സെക്രട്ടറിയും ഒരു പ്രസിഡണ്ടും ഉണ്ടായിരിക്കും. ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ഈ ഭാരവാഹികളുടെ കാലാവധി ഒരു വർഷമാണ്. തുടർച്ചയായ രണ്ടു വർഷത്തിനുമേൽ ഒരാൾ തന്നെ ഭാരവാഹിയായിരിക്കില്ല. മാസം തോറുമുള്ള മീറ്റിംഗിൽ സംഘാംഗങ്ങൾ അതാത് മാസത്തിലെ സമ്പാദ്യത്തുക സെക്രട്ടറിയെ ഏൽപ്പിക്കുന്നതാണ്.

### 6. തീരുമാനങ്ങൾ

സംഘത്തിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള എല്ലാ തീരുമാനങ്ങൾക്കും 51% അംഗങ്ങളുടെ പിന്തുണ ആവശ്യമാണ്. തീരുമാനങ്ങൾ യോഗങ്ങളിൽ വെച്ച് മാത്രം എടുക്കുന്നതായിരിക്കും.

### 7. അംഗത്വഫീസ്

സംഘത്തിലെ അംഗത്വഫീസായി 100 രൂപ ഈടാക്കുന്നതാണ്.

### 8. സമ്പാദ്യം

പ്രതിമാസ മീറ്റിംഗുകളിൽ എല്ലാ അംഗങ്ങളും ............... രൂപ വീതം നൽകുന്നതാണ്. കാലക്രമേണ ഈ തുകയ്ക്കും മാറ്റം വരുത്തുന്നതാണ്.

### 9. ബാങ്കിൽ നിക്ഷേപം

സംഘത്തിന്റെ എല്ലാ വരവുകളും ബാങ്കിൽ സംഘത്തിന്റെ പേരിലുള്ള Joint S.B. A/c ൽ നിക്ഷേപിക്കുന്നതാണ്. ഇതിനായി സംഘത്തിന്റെ പേരിൽ പ്രസിഡണ്ട്, സെക്രട്ടറി എന്നീ രണ്ടുപേർ ചേർന്നായിരിക്കും Joint A/c പ്രവർത്തിപ്പിക്കുക.

### 10. പലവക ചെലവുകൾ

സംഘത്തിന്റെ പൊതുപലവക ചെലവുകൾ നടത്തുന്നത് സംഘാംഗങ്ങൾ തന്നെയായിരിക്കും. അംഗത്വ ഫീസായി ഈടാക്കുന്ന തുക ഇതിലേയ്ക്കായി മാറ്റി വയ്ക്കുന്നതാണ്.

### 11. വായ്പകൾ

സംഘത്തിന്റെ നിക്ഷേപം സംഘത്തിന്റെ തന്നെ കൊച്ചു കൈവായ്പകളായി നൽകുന്നതാണ്. വായ്പ ആവശ്യമുള്ളവർ ആഴ്ചതോറുമുള്ള മീറ്റിംഗുകളിൽ ആവശ്യം ഉന്നയിക്കുകയും സംഘാംഗങ്ങളുടെ ഭൂരിപക്ഷ താൽപ്പര്യത്തിനുമേൽ വായ്പ അനുവദിക്കുന്നതുമാണ്.

## ബാങ്കിൽ നിന്നും വായ്പകൾ

സംഘം തുടർച്ചയായി ആറുമാസം പ്രവർത്തിച്ച് പക്വതയാർജ്ജിച്ച സംഘാംഗങ്ങളുടെ ആവശ്യ ങ്ങൾ അടങ്ങിയ ഒരു ക്രെഡിറ്റ് പ്ലാൻ ബാങ്കിന് സമർപ്പിക്കുകയും അതുവഴി ബാങ്കിൽ നിന്നും കിട്ടുന്ന വായ്പ അംഗങ്ങൾക്കും നൽകുന്നതാണ്. ഇങ്ങനെ ലഭിക്കുന്ന വായ്പകൾ നേരത്തെ തീരുമാനിച്ച ഉൽപ്പാദന കാര്യങ്ങൾക്കായി മാത്രം ഉപയോഗിക്കുന്നതാണ്.

## വായ്പ തിരിച്ചടവ്

അംഗങ്ങൾ അവർക്കു ലഭിച്ച വായ്പകൾ കൃത്യമായി തിരിച്ചടക്കുന്നതാണ്. തിരിച്ചടവ് വീഴ്ച വരുത്തുന്ന അംഗങ്ങളിൽ നിന്ന് വായ്പ തുക ഈടാക്കുന്നതിനായി താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതാണ്.

1. വായ്പക്കാരിൽ നിന്നും പിഴപലിശ ഈടാക്കുക.
2. സമ്പാദ്യ വിഹിതം വായ്പയിലേക്ക് വകമാറ്റുക.
3. പ്രേരണയും ഗ്രൂപ്പ് സമ്മർദ്ദവും ചെലുത്തുക.
4. നിയമാനുസൃതമായ ഇതര നടപടികൾ സ്വീകരിക്കുക.
5. ഓരോരുത്തർക്കും നൽകുന്ന ബാങ്ക് വായ്പ ബാങ്കുതവണക്രമത്തിൽ തിരിച്ചടയ്ക്കുന്ന താണ്.

## 12. പലിശ

വായ്പയ്ക്ക് സംഘം പലിശ ഈടാക്കുന്നതാണ്. ആവശ്യങ്ങളുടെ ഗൗരവവും അംഗങ്ങളുടെ സ്ഥിതിയുമനുസരിച്ച് പലിശ നിശ്ചയിക്കുന്നതും സംഘത്തിന്റെ യോഗതീരുമാന പ്രകാരം നടപ്പിലാക്കുന്നതുമാണ്. കൃത്യമായി തിരിച്ചടയ്ക്കാത്ത അംഗങ്ങളിൽ നിന്നും പിഴപലിശ ഈടാക്കുന്നതാണ്.

## 13. കണക്കുകളും മറ്റും സൂക്ഷിക്കുന്ന വിധം

സംഘത്തിന് കണക്ക് സൂക്ഷിക്കുന്നതിനായി താഴെപ്പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നതാണ്.

1. വ്യക്തിഗത പാസ് ബുക്ക്
2. പ്രതിവാര നിക്ഷേപ - വായ്പാ - വ്യക്തിഗത രജിസ്റ്റർ
3. മീറ്റിംഗ് മിനുട്സ് ബുക്ക്
4. ജനറൽ ലഡ്ജർ
5. ബാങ്ക് പാസ് ബുക്ക്
6. ചെക്ക് ബുക്ക്
7. സ്വയംതൊഴിൽ വായ്പാ തിരിച്ചടവ് പാസ് ബുക്ക്

ബാങ്കുനിക്ഷേപങ്ങൽ സംബന്ധിച്ച കണക്കുകൾ ഓരോ മാസവും നീക്കി ബാക്കി തുകയും പാസ് ബുക്കും മീറ്റിംഗിൽ അംഗങ്ങളുടെ പരിശോധനയ്ക്കായി വെക്കുന്നതാണ്.

## 14. മറ്റു പ്രവർത്തനങ്ങൾ

സംഘത്തിന്റെ നിയമാവലിക്കും നല്ലോംപുഴ വാട്ടർഷെഡ് ഡെവലപ്മെന്റ് അസോസിയേഷന്റെ യോഗതീരുമാനങ്ങൾക്കും അനുയോജ്യമായിരിക്കുന്ന സംഘത്തിന്റെയും സമൂഹത്തിന്റെയും നന്മയ്ക്കായുള്ള ഏതു പരിപാടിയും സംഘം നടപ്പിലാക്കുന്നതാണ്.

## 15. അംഗത്വം നഷ്ടപ്പെടൽ

1. സ്വമേധയാ രാജിവയ്ക്കൽ
2. സംഘത്തിന്റെ ലക്ഷ്യങ്ങൾക്കും താത്പര്യങ്ങൾക്കും എതിരായി പ്രവർത്തിക്കുമ്പോൾ
   പിരിഞ്ഞുപോകുമ്പോൾ അംഗത്തിന് അർഹമായ സമ്പാദ്യത്തുക, പലിശ, സമ്പാദ്യ വിഹിതം എന്നിവ തിരികെ നൽകുന്നതാണ്.

| | | |
|---|---|---|
| പ്രസിഡണ്ട് | | സെക്രട്ടറി |
| പേര് | | പേര് |
| ഒപ്പ് | സീൽ | ഒപ്പ് |